# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 643 — 12.07.2012-ൽ മറുപടിയ്ക്ക്

<u>പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ സംരക്ഷണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) പരിസ്ഥിതി ദുർബല പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി വനം വകുപ്പ് ഒരു വർഷം ചെലവിടുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | എ) പരിസ്ഥിതി ദുർബല പ്രദേശമായി ഏറ്റെടുത്ത സ്വകാര്യഭൂമികളെല്ലാം നിലവിലുള്ള സർക്കാർ വനത്തിനാൽ ചുറ്റപ്പെട്ടതോ ചേർന്ന് കിടക്കുന്നതോ ആണ്. നിലവിലുള്ള വനസംരക്ഷണ പ്രവർത്തനങ്ങളിൽ നിന്ന് വേർതിരിച്ച് പ്രത്യേക സംരക്ഷണ പ്രവർത്തനങ്ങൾ ഈ മേഖലയിലേക്ക് മാത്രമായി നടപ്പാക്കേണ്ടതില്ല |
| ബി) പരിസ്ഥിതി ദുർബല പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വ്യക്തമാക്കുമോ ? | ബി) ഓരോ ഡിവിഷനിലേയും വർക്കിംഗ് പ്ലാൻ തയ്യാറാക്കുമ്പോൾ അതാത് ഡിവിഷനുകളിലെ പരിസ്ഥിതി ദുർബ്ബല പ്രദേശമായി ഏറ്റെടുത്ത പ്രദേശങ്ങളുടെ സംരക്ഷണത്തിനാവശ്യമായ പദ്ധതി കൂടി ഉൾപ്പെടുത്താൻ വർക്കിംഗ് പ്ലാൻ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളുടെ മാത്രമായുള്ള സംരക്ഷണത്തിന് പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ